Registered No. M-4485 Madras War Review, Malayalam—9-2-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ഫിബ്രുവരി 9-ാംനു, വെള്ളിയാഴ്ച [ലക്കം 22



## ടോക്കിയോവിലേയ്ക്കു്!

മണിലയുടെ അധഃപതനംമൂലം പാസിഫിക് സമരത്തിലെ ഒരു രംഗം അവസാനിച്ചു; മറെറാരു രംഗത്തിന്നുള്ള സംവിധാനം ഏപ്പെടുത്തുകയും ചെയ്യുന്നു.

അവസാനലക്ഷ്യം ജപ്പാൻ തന്നെയാണ്.

—1945 ഫിബ്രുവരി 5-ാം തിയ്യതി ജനറൽ

ഡഗ്ലാസ് മക്ആർതർ

# 1941 ൽ വീമ്പു പറഞ്ഞു;
# 1945 ൽ വിഷാദിക്കുന്നു!

"ചുവപ്പുസേന തകർന്നുവീണു; ആറു ദിവസത്തെ സമരംകൊണ്ട് ആ റഷ്യൻ പൊങ്ങച്ചത്തെ ലോകത്തിന്നു ബോദ്ധ്യമാക്കാൻ സാധിച്ചു. ലോകസൈനിക ചരിത്രത്തിൽ ഇതിൽപ്പരം പരിഹാസ്യമായ ഒന്നുണ്ടായിട്ടേയില്ല.

—1941 ജൂൺ 29-ാംനു മദ്ധ്യപൌരസ്ത്യ പ്രദേശത്തിലേക്കുള്ള ഒരു ജർമ്മൻ പ്രക്ഷേപണത്തിൽ.

"ചുവപ്പുസേനയുടെ ശക്തി ക്ഷയിപ്പിച്ചു; സ്റ്റാലിൻെറ ഭരണത്തിൻെറ നിലനില്പു, എത്ര ദിവസത്തോളമായിരിക്കുമെന്നു എണ്ണിക്കണക്കാക്കാം. ഇതൊരു അതിശയോക്തിയല്ല"

—1941 ജൂൺ 30-ാംനു ജർമ്മൻ പ്രക്ഷേപണം.

"11-ാമത്തെ മണിക്കൂർ അടിക്കാറായി. ചരിത്രമാകുന്ന ഘടികാരത്തിൻെറ സൂചി എങ്ങോട്ടാണ്,—വിപത്തിലേയ്ക്കോ, വിജയത്തിലേയ്ക്കോ,—ചായുകയെന്ന് അറിഞ്ഞുകൂടാ. റഷ്യക്കാർ ആർത്തടുക്കുന്നു. ഒരു ജീവന്മരണ നിശ്ചയമാണ് ഇപ്പോൾ. ജർമ്മനി നിർമ്മിതമായിട്ടുള്ള ശിലമേൽ കൊടുങ്കാററാൽ പ്രക്ഷുബ്ധമായ കടലുകൾ ആഞ്ഞടിക്കുന്നു. മററുള്ളവർ നോക്കിനില്ക്കേ, ജർമ്മനിയുടെ ഈ ഒററക്കുനിന്നുള്ള പോരാടൽ ചരിത്രത്തിലെ ഏററവും വലിയ ശോചനീയ സംഭവമാണ്."

—കഴിഞ്ഞ ആഴ്ചയിൽ ഗോബൽസ്, "ഡാസ് റീച്ചി" ൽ എഴുതിയതു്.

"റഷ്യയെ സംബന്ധിച്ചുള്ള നമ്മുടെ ഗണനകളിൽ ഒന്നുംതന്നെ തെററിയിട്ടില്ല. ശത്രു ശകലിതമായിരിക്കുന്നു; ഇനി ഒരിക്കലും എഴുന്നേൽക്കുകയില്ലതന്നെ."

—1941 ഒക്ടോബർ 3-ാംനു ഹിററ്ലർ.

"നമുക്കു അല്പസമയം മാത്രമേയുള്ളൂ. നാം ഹൈക്കമാണ്ടിന്നുള്ള എല്ലാ സാദ്ധ്യതകളും വിനിയോഗിച്ചു പോരാടണം. ഈശ്വരാ, ഇക്കഴിഞ്ഞ അഞ്ചു കൊല്ലത്തോളം പോരാടിയതു് വൃഥാവിലാകുമോ?"

—1945 ജനവരി 29-ാംനു "കീൽനിസോർസീററങ്ങ്" എന്ന പത്രത്തിൽ.

"പൌരസ്ത്യരംഗത്തിലെ യുദ്ധസംരംഭങ്ങൾ സശ്രദ്ധം സജ്ജീകൃതമാക്കിയതാണ്. ഈ ഭീമസമരങ്ങളുടെ പദ്ധതികൾ ഫ്യൂറർ തന്നെയാണ് തയ്യാറാക്കിയിട്ടുള്ളതു്. നമുക്കിന്നു അഭിമാനത്തോടെ പറയാം ലോകത്തിലെ ഏററവും ബലവത്തായ സൈനികശക്തിയോടും, ബോൾഷേവിസത്തോടുമുള്ള സമരത്തിൻെറ ഫലം തീർച്ചയായി. പൌരസ്ത്യദേശത്തെ ശത്രുവിൻെറ പരാജയത്തോടെ ഇംഗ്ലണ്ടിന്നു വലിയ കരടിപററി—വൻകരയിലുള്ള സഖ്യശക്തി ലണ്ടന്നു നഷ്ടമായിരിക്കുന്നു."

—ഹിററ്ലരുടെ പ്രധാന പ്രസ്സ് ഓഫീസർ, 1941 ഒക്ടോബർ 19-ാംനു ചെയ്ത പ്രസ്താവന.

"തൻെറ സ്വന്തം ജനങ്ങളെ, അവരർഹിക്കാത്ത ഒരു വിധിയിൽനിന്നു രക്ഷിക്കുന്നതിന്നായിമാത്രം ജീവപര്യന്തം പരിശ്രമിച്ച ഒരാളെ സർവ്വശക്തനായ ജഗദീശ്വരൻ ഉപേക്ഷിക്കുകയില്ല."

—1945 ജനവരി 30-ാംനു ഹിററ്ലർ ചെയ്ത പ്രസംഗത്തിൽ.

## "രാജ്യലക്ഷ്മി"

(കെ. ജി. പിള്ള.)

(നതോന്നത)

നിരന്തരം രണമാടി പരാക്രമ നിധികളാ-
മരിയ സഖ്യസൈന്യങ്ങൾ ചുററുമെഴുന്നോർ;
തുരുതുരെ പ്പൊഴിച്ചിതു പെരിയ ബോംബുകൾ പാര-
മെരിപൊരിക്കൊണ്ടു കൂട്ടർ നാസിദേശസന്യങ്ങൾ.
ഉത്തരബലവീർയ്യ സമരദാവാനലങ്കൽ
എരിഞ്ഞിതാ നാസിഗർവ്വം, ശലഭംപോലേ;
വാനുരുമ്മും പ്രാസാദത്തിൻപ്രകരങ്ങൾ നിലംപററി-
മാനവഘാതകൻ, "ഹിററ്ലർ" മാനസംപോലെ;
പീരങ്കികളുഗ്രമായിട്ടലറി ആ നാസിവൃന്ദ-
മരണരോദനത്തിന്നു പൊലിമ ചേർത്തു.
അടക്കളം ചെഞ്ചോരയിൽ കുളിച്ചൊരു ചെന്നീരാള-
മുടുത്തുപൂർവ്വദിങ്നാരി പുലർച്ചയിൽപോൽ.
തെളിഞ്ഞു വീരപാദങ്ങളുരച്ച ലോകകണ്ടകർ
ഞെളിപിരിക്കൊണ്ടു ചുററും ഓടുകയായി:

അതിനിടയ്ക്കുകല്ലെയായ് തരുണീമണിയൊരുവൾ
പതറിയോടുന്നു ചോരയൊലിച്ചുനിളെ.

ഉടയാടയഴിഞ്ഞതായിടംകൈയാൽ തടവിയും,
തടമുലയുഗങ്ങളാലടിച്ചും മാറിൽ;
വിധിയെപ്പഴിച്ചും, ഭാവിനിനച്ചു നെടുവീർപ്പിട്ടും,
"അധഃപതിക്കട്ടെ ഹിററ്ലറി"തി ശപിച്ചും;
പരശതം നിരാശതൻ പ്രത്യക്ഷദേവതപോലെ-
വിരണ്ടോടുമവളെ പിൻതുടന്നൊരുവൻ,
ചികുരത്തിൽ പിടിപെട്ടു, ചകിതമാനസനായി
പകച്ചു, ഭ്രമിച്ചു 'ഹിററ്ലർ' ദയനീയമായ്:

"എവിടേക്കു ഗമിക്കുന്നെൻ 'രാജ്യലക്ഷ്മീ?' ഭവതിയി-
ന്നവിവേകം തുടങ്ങൊല്ലേ, ചതിച്ചീടൊല്ലേ!
ഒരുതുണയിവനില്ല, മമലക്ഷ്യം പിഴച്ചുപോയ്,
പിരിയൊല്ലേ, യിവൻനിൻെറ കണവനല്ലേ?
പിരിഞ്ഞു ഭവതിയെങ്കിൽ ഗതിയെനിക്കെന്തുപിന്നെ?
വരു, വരു, പോയിടൊല്ലേ, വിടുകില്ല ഞാൻ."

"ഗമിക്ക ഹിററ്ലറെ ഭവാൻ, ഗമിച്ചാലും മരിക്കുവാൻ-
ഗമിക്കെന്നെ വെടിഞ്ഞു നീ യടർക്കളത്തിൽ;
ഭവദീയദുരാഗ്രഹക്കൊടുംതീയിൽ ദ്രുഹിച്ചിന്നീ-
ഭുവനത്തിൽ നാസിവർഗ്ഗം നശിക്കാറായി;
അനപത്യയായി ഞാനും, തവപത്നിയാകയാലി-
ന്നനന്തദുർവ്വിധിക്കൊരു നിലയനമായ്;
'പറക്കും ബോംബ്'തിൻ ഫലം പ്രതീക്ഷിച്ചേനിത്രനാളു-
മറിഞ്ഞതും, ഇനിയൊന്നും കരത്തിലില്ല.
അജയ്യരാ 'മൈത്ര്യസേന' യൊടുക്കിക്കൊൾവതിൻമുമ്പെ-
ഭജിക്കുവനവരെ ഞാൻ, വിടൂ, പോകട്ടെ;
ഒരിക്കലും വീരന്മാരെയൊഴിഞ്ഞുഞാൻ വരിക്കില്ല,
ഒരിക്കലുമിവളെ നീ കൊതിച്ചിടേണ്ട;
'ഗമിക്ക ഹിററ്ലറെ! ഭവാൻ, ഗമിച്ചാലും മരിക്കുവാൻ-
ഗമിക്കെന്നെ വെടിഞ്ഞു നീ യടർക്കളത്തിൽ."

. . . . . . . . . . . . . . . . . . . . . . . . . . . . .

കുതികൊണ്ടുകാളമേഘകരങ്ങളിൽനിന്നു വിദ്യു-
ല്ലതികപോലവൾ: ഹിററ്ലർ പകച്ചുനിന്നു.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ഫിബ്രുവരി 9-ാംനു, വെള്ളിയാഴ്ച

# നിരുപാധികമായ കീഴടങ്ങൽ

ജർമ്മൻ സൈനിക മേധാവിത്വം തകർന്നു വീഴുന്നു. സ്വാതന്ത്ര്യലോകം ഭയാനകതയും, ശ്ലാഘയും, സമാശ്വാസവും ഉൾച്ചേർന്ന ഒരു വികാരത്തോടെ ഈ സംഭവത്തെ വീക്ഷിച്ചുകൊണ്ടുനിൽക്കുന്നു. എന്നാൽ ആ മൂന്നു വലിയ നേതാക്കന്മാർ, ചർച്ചിലും, സ്റ്റാലിനും, റൂസ്‌വെൽട്ടും, ജർമ്മൻകാരുടെ ഭാവിയെക്കുറിച്ചു തലപുകഞ്ഞിരുന്നു ആലോചിക്കുകയാണ്.

ലോകത്തിലെ രാജ്യതന്ത്രജ്ഞന്മാർക്ക്, മുമ്പൊരിക്കലും തന്നെ ഇത്രയധികം കുഴപ്പം പിടിച്ച ഒരു പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ല. ജർമ്മൻജനതയെ സാധാരണ മനുഷ്യരാക്കുക; അങ്ങിനെയുള്ള ഒരു പദവിയിലേക്കു അവരെ നയിക്കുന്നതിന്നു വേണ്ട പുനർവിദ്യാഭ്യാസം ചെയ്യിക്കുന്നതിന്നുള്ള ഏർപ്പാടുകൾ ചെയ്യുക; നാസികളുടെ ആശയസമുച്ചയത്തെ ജർമ്മൻ ജനങ്ങളുടെ ഹൃദയത്തിൽനിന്നു നിശ്ശേഷം നശിപ്പിക്കുക, അതേസമയത്തു, ഭൂമിയിലെ ആ കുററവാളിസംഘത്തെ, പരിഭ്രാന്തരായ നാസികളെ ശിക്ഷിക്കുന്നതിന്നുള്ള വ്യവസ്ഥകൾ തയ്യാറാക്കുക; ഇങ്ങിനെ എത്രയധികം കെട്ടുപിണഞ്ഞ വിഷമ പ്രശ്നങ്ങളാണ് പര്യാലോചിക്കാനുള്ളതു് !

നമ്മുടെ ആശയങ്ങൾ ജർമ്മൻകാർക്കറിയാം. അതു് മനസ്സിലാക്കിയ നാസികൾ അവരുടെ രാജ്യത്തെ ജനങ്ങളുടെ മനസ്സു വിഷമമയവും ഉന്മാദപരവുമാക്കാൻവേണ്ടി പ്രവർത്തിച്ചുവരുന്നു. ഈയിടെയുള്ള നാസിനായകന്മാരുടെ പ്രസംഗങ്ങളും ലേഖനങ്ങളുമൊക്കെ ഇതിന്നു സാക്ഷ്യം വഹിക്കുന്നു. ഉദാഹരണമായി, കുറച്ചു ദിവസങ്ങൾക്കു മുമ്പു ഹിററ്ലർ ചെയ്തു ഒരു പ്രസംഗത്തിൽ ട്യൂട്ടോണിക് ദേശീയത്വത്തെ ശ്മശാനത്തിൽനിന്നു മാന്തിയെടുത്തു കാണിച്ചിരിക്കുന്നു; ജർമ്മനിയുടെ ചരിത്രത്തെ ആയാൾ ശ്രോതാക്കൾക്കു ഓർമ്മപ്പെടുത്തി. താൻ ജഗദീശ്വരനാൽ സ്വയംതെരഞ്ഞെടുക്കപ്പെട്ട ആളാണെന്നു പ്രസ്താവിച്ചു. ജർമ്മനിയുടെ പ്രശസ്തിയെ പൊക്കുന്നതിന്നായി ഹിററ്ലർ ചെയ്തു കാര്യങ്ങൾ എണ്ണിപ്പെരുക്കി. ആ കള്ളനായ ഗോബൽസും, എപ്പോഴും ചിലക്കുന്ന നാസിസത്തിന്റെ നാവും സംസാരിച്ചു. ജർമ്മനിയുടെ അധഃപതനം ലോകചരിത്രത്തിലെ ഏററവും ദയനീയമായ സംഭവമാണെന്നു നിലവിളിച്ചുകേണു ! ഈ പ്രചരണത്തിന്റെ പിന്നിൽ രണ്ടുദ്ദേശ്യങ്ങളുണ്ടു്. ഒന്നു് ജർമ്മൻകാരുടെ വികാരങ്ങളേയും ദുരഹങ്കാരത്തേയും ഉദ്ദീപിപ്പിക്കുക; ഇതു നാസികൾക്കു സുസാധമായ ഒരു കൃത്യമാണ്. കാരണം ഈ സൂത്രം അവക്കു പലപ്പോഴും ഫലപ്രദമായിട്ടുണ്ടു്. ഹിററ്ലർ അധികാരത്തിൽ വരാൻ സാധിച്ചതിന്റെ ഒരു കാരണം മനശാസ്ത്രപരമായ ഇങ്ങിനെയുള്ള ഒരന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞതിനാലാണ്. ഐക്യരാഷ്ട്രങ്ങളുടെ ലക്ഷ്യങ്ങളെ തെററിദ്ധരിപ്പിക്കുകയാണ് നാസികളുടെ പിന്നെത്തെ ആവശ്യം. നിരുപാധികമായ കീഴടങ്ങൽ എന്നു ഐക്യരാഷ്ട്രങ്ങൾ പറയുന്നതിന്റെ അർത്ഥം ജർമ്മൻ ജനതകളിൽ ഭൂരിഭാഗത്തേയും അടിമപ്പെടുത്തുകയും, കശാപ്പു ചെയ്യുകയുമാണെന്നു നാസികൾ പ്രചാരം ചെയ്യുന്നു.

## സഖ്യശക്തികളുടെ അഭിപ്രായങ്ങൾ

സഖ്യ രാഷ്ട്രങ്ങൾക്കു ഉള്ള അഭിപ്രായങ്ങൾ എന്താണെന്നു നമുക്കെല്ലാം അറിയാം. മി: ചർച്ചിൽ ഇടക്കാലത്തു ചെയ്തു പല പ്രസ്താവനകളിലും അതു വ്യക്തമാക്കിയിട്ടുമുണ്ടു്. "ദേശങ്ങളെ ഇല്ലാതാക്കുന്നവരോ, ജനങ്ങളെ കശാപ്പു ചെയ്യുന്നവരോ അല്ല ഞങ്ങൾ. സഖ്യശക്തികൾ രാക്ഷസന്മാരല്ല. നിരുപാധികമായ കീഴടങ്ങലിന്നുശേഷമുണ്ടാകുന്ന സമാധാനം, അവരിന്നനുഭവിക്കുന്ന ദുരദൃഷ്ടങ്ങളേയും, പ്രാണസങ്കടത്തേയും, ഉടനടി ശമിപ്പിക്കും."

ഹിററ്ലർ, പൂർവ്വികന്മാരെപ്പോലെത്തന്നെ ജർമ്മൻകാരുടെ വികാരങ്ങളെയിളക്കിവിടുവാൻ ശ്രമിക്കുമായിരിക്കാം. എന്നാൽ ലോകത്തിൽ മററുള്ളവരെ ആയാൾക്കു ബോധ്യപ്പെടുത്താൻ കഴിയുകയില്ല. ജൂതന്മാരോടു എങ്ങിനെയാണ് നാസികൾ പെരുമാറിയതു എന്നു എല്ലാവർക്കുമറിയാം; ഗസ്റ്റാപ്പോവിന്റെ നിന്ദ്യവും നിഷ്ഠുരവുമായ കൃത്യങ്ങൾ രാക്ഷസങ്ങൾ മാത്രമാണ്. തങ്ങൾ മററുള്ളവരേക്കാൾ സമുന്നതരാണെന്ന ഡംഭം, ക്രൂരതയും ജർമ്മൻകാർ ഉപേക്ഷിച്ചാൽ മാത്രം മതി, അവക്കും സസുഖം ജീവിച്ചുവരുന്നതിന്നു യാതൊരു തടസ്സവുമില്ല. വളരെക്കാലത്തോളമായി അവർ ലോകസമാധാനത്തെ ഇല്ലാതാക്കുന്നു. ഭൂമിയിൽ നിരവധി രക്തക്കളങ്ങൾ സൃഷ്ടിക്കുന്നു. മേലിൽ ലോകരക്ഷയെ ഹാനിപ്പെടുത്തുന്നതിന്നു് അവരെ അനുവദിക്കുന്നതല്ല.

## കുററവാളികളുമായി വിട്ടുവീഴ്ചയില്ല

1918-19ൽ ചെയ്തു അബദ്ധങ്ങൾ ഇപ്രാവശ്യം ആവർത്തിക്കുകയില്ല. ഇപ്രാവശ്യം അവർ തികച്ചും പരാജയപ്പെട്ടുവെന്നു ജർമ്മൻകാർ അറിയണം. നാസികൾ വിജയിച്ചിരുന്നുവെങ്കിൽ അയാൾ ജൂതന്മാരെയും, പോളണ്ടുകാരേയും, മററു ജനങ്ങളേയും മുഴുവനും നശിപ്പിക്കുമായിരുന്നു. ഹിററ്ലറുടെ രീതിയാണതു. ജർമ്മൻ ജനങ്ങളെ നിർമ്മാർജ്ജനം ചെയ്കയാണ് സഖ്യ രാഷ്ട്രങ്ങളുടെ ഉദ്ദേശമെന്നു നാസികൾ പറയുന്നതിന്റെ അർത്ഥം, അവരാണ് വിജയിക്കുന്നതു് എങ്കിൽ അങ്ങിനെയാണ് പകരം വീട്ടുക എന്ന ഗണനയിൽനിന്നത്രെ. ഗസ്റ്റാപ്പോ ഭരണത്തിന്നു വിധേയമായ പല രാഷ്ട്രങ്ങളും ഇതിന്റെ സ്വാദറിഞ്ഞിട്ടുണ്ടു്.

ഹിററ്ലർക്കോ, മററേതു ജർമ്മൻ സൈന്യമേധാവിക്കോ ആയാളുടെ ഭൂതകാലത്തെ നീചവും ക്രൂരവുമായ ചെയ്തികൾക്കുള്ള ശിക്ഷയിൽനിന്നു രക്ഷപ്പെടാൻ സാദ്ധ്യമല്ല. സഖ്യനേതാക്കന്മാർ അതിനെപ്പററി ഇപ്പോൾ ഗാഢമായി ആലോചിച്ചുവരികയാണ്. റഷ്യൻ പട്ടാളം തീജ്വാലകളും ഉരുക്കും കൂടി ചേർന്ന ഒരു പ്രവാഹം പോലെ ജർമ്മനിയിലേക്കു തള്ളിക്കേറുന്നു; നാസികൾ ഒരുപക്ഷെ ഭൂഗർഭത്തിലേയ്ക്കു പോകാനും ഇടയുണ്ടു്. നാസിനേതാക്കന്മാർ ഈ ഉദ്യമത്തെപ്പററി മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. അതു് സമരത്തിന്നു കാലതാമസം വരുത്തിയേക്കും. എന്നുതന്നെയായാലും കുററവാളികൾക്കു വിട്ടുവീഴ്ച ചെയ്തുകൊടുക്കുന്നതിന്നു സഖ്യപക്ഷ നേതാക്കൾ സന്നദ്ധമല്ല.

നിരുപാധികമായ കീഴടങ്ങലിന്നു നാസികൾ വഴങ്ങാത്തപക്ഷം അനാവശ്യമായ പല നടപടികളും അവരുടേ മേൽ എടുക്കേണ്ടിവരും. പക്ഷെ ഏതൊരു പരിതസ്ഥിതിയേയും അഭിമുഖീകരിച്ചും, മനുഷ്യത്വത്തിന്റെ മേലുള്ള ഈ മാലിന്യത്തെ മുഴുവനും തുടച്ചു നീക്കികളയാതിരിക്കാൻ നിവൃത്തിയില്ല.

# "ധീരമാതാവ്"

(ടി. ആർ. മേനോൻ.)

(കേക)

"ഒരുനേരവും വീട്ടിൽ കാണാതെയെല്ലായ്പ്പോഴും
കരുണാകരാ ! നീയുങ്ങെവിടെ പോയീടുന്നു ?"
എന്നമ്മ ചോദിക്കവേ, മ്ലാനവക്ത്രനായ് മകൻ
ഖിന്നമാനസനായി ചൊല്ലിനാനിതേവിധം :
"ജോലിയൊന്നേതെങ്കിലും കൈക്കലാക്കുവാൻവേണ്ടി
നാലുദിക്കിലും ചുററിനടക്കുന്നമ്മേ ഞാനും.
വത്സരമഞ്ചായില്ലേ, ഞാൻ ബി.എ. ജയിച്ചിട്ടു
ഭത്സിക്കയില്ലേ ലോകർ ജോലിയൊന്നില്ലെന്നാകിൽ?"
ഇത്തരം മകൻ ചൊന്ന വാർത്തയാ മാതാവിന്റെ
ഹൃത്തടം തുടിപ്പിച്ചിട്ടവർ ചൊല്ലിനാളിത്ഥം :
"മകനേ ! നിന്നിംഗിതം സാധുവാണെന്നാലിപ്പോൾ
എവിടെ കിട്ടും ജോലി ഇന്നാട്ടിലലഞ്ഞീടിൽ
ഫാസിസം വളർന്നുള്ള ഭാരതമാതിൻ രക്ഷ-
യ്ക്കായിനീ പട്ടാളത്തിൽ ചേരുക മടിക്കാതെ.
മാതാവിൻ സമംതന്നെ മാതൃരാജ്യവും നമ്മ-
ളേതുനേരവും ചിന്തിച്ചീടേണമറിഞ്ഞാലും.

വീരനാമൊരുയോദ്ധാവെന്നുള്ള ബഹുമാന-
പ്പേരിനെക്കാളും മേന്മയേതൊരു ജോലിക്കോർത്താൽ ?
ധൈര്യമായ് രണഭൂവിൽ ശത്രുവോടേൽക്കുംപോലെ
വീരമായൊരു കീർത്തിമുദയെന്തിതിൻമീതെ ?
മരണം തൃണംപോലെ ചിന്തിച്ചു സ്വരാജ്യശ്രീ-
വരണംമാത്രം കാംക്ഷിച്ചീടുന്നു ധീരാത്മാക്കൾ.
അബലാനാമംപൂണ്ട നാരിമാർകൂടി ധൈര്യ-
മവലംബിച്ചിട്ടിപ്പോൾ യുദ്ധസേവനം ചെയ്‌വൂ.
മകനേ ! മഹത്താകും മനുജജന്മം നിന്റെ-
മരണം കൊണ്ടെങ്കിലും സാർത്ഥമായ് ഭവിക്കട്ടെ !
ഇനിയും മടിച്ചു നീയിവിടെ കിടക്കുവാൻ
തുനിയാതുടൻ വീരഭടനായ്ത്തീർന്നിടുക !
സർവ്വമംഗളങ്ങളും നിനക്കു കൈവന്നിടും
നിർവ്വിശങ്കനായ് ധൈര്യചിത്തനായ് ഗമിച്ചാലും !"

- ശുഭം -

## വീര വൃദ്ധകൾ

(പി.കെ. കുഞ്ഞിരാമൻ പണിക്കർ)

(മധുരമൊഴി ശാരികേ . . . എന്ന മട്ട്.)

നിണമൊഴുകും യുദ്ധക്കളം ചമപ്പാൻ
അണിയണിയായ് നിന്നുപോയ് നാസിസൈ
[ന്യം!
നുണപറയും ഗോബൽസിൻ ചങ്ങാതികൾ
അനുദിനവും ലോകരെ കൊന്നുവന്നു.
ഭുവനമതിൽ സോഷ്യലിസ്റ്റാദർശങ്ങൾ,
നവ ഭരണരീതി നടത്തീടുന്ന
അമലഗുണമൊത്തെഴും സ്റ്റാലിനുള്ള
സമരപരിപാടിയിൽ ശക്തിയിങ്കൽ
അടിപ്പെഴുകിയാകെവേ വീണൊടുങ്ങി
കുടിലതയിൽ ജർമ്മൻ പടകളെല്ലാം.
കഠിനതയിൽ കാട്ടുമൃഗങ്ങൾ പോലും
അടിപണിയുമക്രമ ശക്തിയെല്ലാം
എതിരിട്ടു വന്നായിട്ടൊരുങ്ങി യുദ്ധ
സ്ഥിതിയിലാവീരന്മാർ ചെമ്പട്ടാളം!
തെരുതെരെ യങ്ങാക്രമിച്ചാകമാനം
എരിമഴപോൽ മേവുമന്നാട്ടിനുള്ളിൽ
പരിഭവമൊട്ടേ പോരാടി നാട്ടുകാരും
അരിനികരനാശം വരുത്തീടുവാൻ.
കിഴവികൾപോലും പുറത്തിറങ്ങി,
പൊരുതുവാൻ മാനസംരക്ഷ ചെയ്വാൻ,
അരിശമെഴും ചെയ്യുയിൽ ദേശഭക്തി
തെരുതെരെയായ് തിങ്ങിയവർക്കു ഹൃത്തിൽ.

## സോവിയററ ദേശീയഗാനം

സുശക്തമായ റഷ്യ്യ സ്വതന്ത്ര റിപ്പബ്ലിക്കുകളുടെ അവിഭാജ്യവും ശാശ്വതവുമായ ഐക്യം കയ്വരുത്തിയിട്ടുണ്ട്.

ജനകീയ ശക്തിയാൽ സൃഷ്ടമായ ശക്തിമത്തായ ഒരേ ഒരു സോവിയററു യൂനിയൻ നീണാാൾ ജീവിക്കട്ടെ.

നമ്മുടെ സ്വന്തവും സ്വതന്ത്രവുമായ പിതൃരാജ്യത്തിലെ ജനങ്ങളുടെ സൌഹാർദ്ദത്തിൻെറ ഉറച്ചകേന്ദ്രവുമായി, സോവിയററുനീതി, ജനകീയനീതി, വിജയിച്ചുപോകട്ടെ.

മേഘങ്ങൾക്കിടയിലൂടെ സ്വാതന്ത്ര്യസൂര്യൻ പ്രകാശിച്ചു; മഹാനായ ലെനിൻ നമ്മുടെ പാതയിൽ വെളിച്ചം വിതച്ചു.

സ്റ്റാലിൻ ജനങ്ങൾക്കു വിശ്വാസവും മഹത്കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പ്രചോദനവും പ്രദാനം ചെയ്തു.

നാം ശത്രുവെ, യുദ്ധത്തിൽ പിറകോട്ടു ഓടിച്ചിരിക്കുന്നു; നമ്മുടെ മാർഗ്ഗത്തിൽനിന്നു നാം അക്രമികളെയെല്ലാം അടിച്ചോടിക്കും. ഈ യുദ്ധത്തിൽ ജനങ്ങൾ തലമുറകളുടെ വിധി നിർണ്ണയിക്കയാണ്. നമ്മൾ നമ്മുടെ രാജ്യത്തെ കീർത്തിയിലേക്കാനയിക്കും.



